**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4617** **02-07-2024 - ൽ മറുപടിയ്ക്ക്**

**അയ്യൻ മൊബൈൽ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല തീർത്ഥാടനത്തിന് എത്തുന്നവർക്കായി തയ്യാറാക്കിയിട്ടുള്ള അയ്യൻ മൊബൈൽ ആപ്പ് വഴി ഏതെല്ലാം സേവനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | "അയ്യൻ ആപ്പ്" എന്നത് കേരള വനം വകുപ്പ് ആവിഷ്കരിച്ച ഒരു ആൻഡ്രോയ്ഡ് ബേസ്ഡ് മൊബൈൽ അപ്ലിക്കേഷൻ ആണ്. പെരിയാർ ടൈഗർ റിസർവിനകത്ത് സ്ഥിതി ചെയ്യുന്ന കാനന ക്ഷേത്രമായ ശബരിമല അയ്യപ്പ ക്ഷേത്രത്തിൽ ദർശനം നടത്താനെത്തുന്ന ഭക്തരുടെ തീർഥയാത്ര സുഗമവും സുരക്ഷിതവു മാക്കുക എന്നതാണ് ഈ ആപ്പിന്റെ ഉദ്ദേശ്യം.<br><br>ഓൺലൈനിലും ഓഫ്‌ലൈനിലും പ്രവർത്തിക്കുന്ന ഈ ആപ്പ് 'Ayyan' എന്ന പേരിൽ ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. കാനനപാതകളിൽസ്ഥാപിച്ചിട്ടുള്ള QR കോഡ് സ്കാൻ ചെയ്തും ആപ്പിലേക്ക് പ്രവേശിക്കാവുന്ന താണ്. ഹോം പേജിൽ മൊബൈൽ നമ്പർ ടൈപ്പ് ചെയ്തു കൊടുത്താൽ തൊട്ടു താഴെയായി ഇംഗ്ലീഷ്, മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി എന്നീ ആറ് ഭാഷകളിൽ നിന്ന് ആവശ്യമുള്ള ഭാഷ സെലക്ട് ചെയ്തു 'continue' ബട്ടൺ പ്രെസ്സ് ചെയ്താൽ ആപ്പിലേക്കു പ്രവേശനം ലഭിക്കും.<br><br>ശബരിമല ക്ഷേത്രത്തേക്കുറിച്ചും, പെരിയാർ കടുവസങ്കേതത്തേ ക്കുറിച്ചുമുള്ള പൊതുവായ വിവരങ്ങൾ, ശബരിമലയിലേക്കെ ത്തുന്നതിനായുള്ള നാല് കാനന പാതകളായ പമ്പ-സന്നിധാനം (2 പാതകൾ), എരുമേലി-അഴുതക്കടവ്-പമ്പ, സത്രം-പുല്ലുമേട്- സന്നിധാനം (രണ്ട് പാതകൾ) എന്നിവയുടെ ഗൂഗിൾ ട്രാക്കും യൂസറിന്റെ ലൈവ് ലൊക്കേഷനും, ഓരോ റൂട്ടിലും ലഭ്യമാകുന്ന സേവനങ്ങളായ ഭക്ഷണം, കുടിവെള്ളം, വിരി സൗകര്യം, വൈദ്യസഹായം എന്നിവയുടെ ലൊക്കേഷൻ, ഓരോ ദിവസവുമുള്ള ക്ഷേത്ര പൂജാസമയം കലണ്ടർ രൂപത്തിൽ, ഫോറസ്റ്റ്, പോലീസ്, എക്സ്സ്, തുടങ്ങി വിവിധ ഡിപ്പാർട്ട്മെന്റുകളുടെ എമർജൻസി നമ്പറുകൾ, വനത്തിനുള്ളിൽ സ്ഥിതി |

| | | | |
|---|---|---|---|
| | | | ചെയ്യുന്ന ക്ഷേത്രമായതി നാൽ ചെയ്യേണ്ടതും, ചെയ്യരുതാ ത്തതുമായ കാര്യങ്ങൾ, ഓരോ പാതയിലേക്കുമുള്ള പ്രവേശന സമയം, ശബരിമലയുമായി ബന്ധപ്പെട്ട വാർത്തകളും, തൽസമയവിവരങ്ങളും മുതലായ സേവനങ്ങൾ ഈ ആപ്പ് വഴി തീർത്ഥാടകർക്ക് ലഭിക്കുന്നു.<br><br>ഭാഷ മാറ്റണമെന്നുണ്ടെങ്കിൽ “signout" ചെയ്തതിന് ശേഷം വീണ്ടും രജിസ്റ്റർ ചെയ്ത് ഭാഷ സെലക്ട് ചെയ്താൽ മതിയാകും. കാനന പാതകളായ എരുമേലി-അഴുതക്കടവ്-പമ്പ, സത്രം-പുല്ലുമേട്- സന്നിധാനം, എന്നീ പാതകളിൽ 'സ്റ്റാർട്ട്-വാക്' പ്രസ്സ് ചെയ്തു പ്രവേശന കവാടത്തിലുള്ള QR കോഡ് സ്കാൻ ചെയ്തു യാത്ര തുടങ്ങാം. പൂർണമായി വനത്തിൽ കൂടി കടന്നു പോകുന്നതിനാൽ ഓരോ താവള ത്തിനും ഇടയിൽ സഞ്ചരിക്കുന്ന ഭക്തന്മാരുടെ കണക്കറിയുന്നതിന് ഇത് സഹായിക്കുന്നു. തീർത്ഥാടകർക്ക് ഓരോ പാതയിലും അലർട്ട് മെസ്സേജ് കൊടുക്കുവാൻ ഈ ആപ്പ് വഴി സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ